സി1/7/2017-റ്റിസി

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം
തീയതി: 10-01-2017

പ്രേഷിതൻ

ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

സർ,

വിഷയം: മോട്ടോർ വാഹന വകുപ്പ്-പുതിയ ഫീസ് നിരക്കുകൾ-ഫൈൻ ഈടാക്കുന്നത് സംബന്ധിച്ച സ്പഷ്ടീകരണം-സംബന്ധിച്ച്

സൂചന: 1. ജി.എസ്.ആർ 1183(ഇ) തീയതി 29-12-2016
2. 06-01-2017 തീയതിയിലെ ഇതേ നമ്പർ കത്ത്

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (1) പ്രകാരം നിലവിൽ വന്ന പുതിയ ഫീസ് നിരക്കുകൾ ഈടാക്കുന്നത് സംബന്ധിച്ച് സൂചന (2) പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ സർവ്വീസുകൾക്ക് ഫൈൻ ഈടാക്കുന്ന കാര്യത്തിൽ സംശയം നിലനിൽക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

സൂചന (1) പ്രകാരമുള്ള കേന്ദ്ര സർക്കാരിന്റെ വിജ്ഞാപനത്തിൽ വ്യക്തമാക്കിയിട്ടുള്ളത് പ്രസ്തുത വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതി, അതായത് 29-12-2016, മുതൽ നിലവിൽ വരുമെന്നാണ്. 1989ലെ കേരള മോട്ടോർ വാഹന ചട്ടങ്ങൾ പ്രകാരം മുൻപ് ഈടാക്കാത്ത ചില ഫൈനുകൾ പുതിയ വിജ്ഞാപനം അനുസരിച്ച് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയ വിജ്ഞാപനം മുൻകാല പ്രാബല്യത്തോടു കൂടി നടപ്പിൽ വരുത്തണമെന്ന് പ്രസ്തുത വിജ്ഞാപനത്തിൽ ആവശ്യപ്പെടാത്തതു കൊണ്ട് തന്നെ പുതിയ നിരക്കുകൾ പ്രാബല്യത്തിൽ വരുന്നത് 29-12-2016ന് തന്നെയാണ്. ആയതിനാൽ 29-12-2016ന് മുൻപുള്ള എല്ലാ പിഴയും കണക്കാക്കുന്നത് മുൻപു നിലവിലുണ്ടായിരുന്ന നിരക്കിൽ തന്നെയായിരിക്കണം. പുതുതായി ഏർപ്പെടുത്തിയിട്ടുള്ള നിരക്കുകൾ പ്രാബല്യത്തിൽ വരുത്തേണ്ടത് 29-12-2016 മുതൽ മാത്രമാണെന്നും ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ
ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകാരത്തോടെ

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)